**14. ഫീസ്**

പ്രവേശന സമയത്ത് ഓരോ പരിശീലനാർത്ഥിയും താഴെ പറയുന്ന ഇനത്തിലുള്ള തുകകൾ അടയ്ക്കേണ്ടതാണ്. [സ.ഉ (അച്ചടി) നം.28/2018/ധന തീയതി 08.03.2019, 27.03.2019 ട്രെയിനിംഗ് ഡയറക്ടറുടെ 28.03.2018-ലെ ബി1/9281/18 നമ്പർ ഉത്തരവ്].

| ഇനം | രണ്ടുവർഷകോഴ്സിന് | ഒരുവർഷകോഴ്സിന് |
|---|---|---|
| 1. കോഷൻഡെപ്പോസിറ്റ് | 110 രൂപ | 110 രൂപ |
| 2. ജാമ്യനിക്ഷേപം | 170 രൂപ | 110 രൂപ |
| 3. മെയിന്റനൻസ്ഫീസ് | 550 രൂപ | 440 രൂപ |
| 4. സ്പോർട്സ്ഫീസ് | 110 രൂപ | 60 രൂപ |
| 5. മാഗസിൻഫീസ് | 110 രൂപ | 60 രൂപ |
| 6. കൗൺസിൽഫീസ് | 110 രൂപ | 60 രൂപ |
| 7. അഡ്മിഷൻ രജിസ്ട്രേഷൻഫീസ് | 110 രൂപ | 110 രൂപ |
| **ആകെ** | **1270 രൂപ** | **950 രൂപ** |

13

13

ഇതിനു പുറമെ കേന്ദ്ര/സംസ്ഥാന സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും അടയ്ക്കാൻ പരിശീലനാർത്ഥികൾ ബാദ്ധ്യസ്ഥരാണ്.

പരിശീലന സമയത്ത് സ്ഥാപനത്തിലെ പഠനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലനാർത്ഥിയുടെ കോഷൻ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡെപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡെപ്പോസിറ്റ് അടയ്ക്കാൻ പരിശീലനാർത്ഥി ബാധ്യസ്ഥനാണ്. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കും, പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം പിരിഞ്ഞു പോകുന്നവർക്കും കോഷൻ ഡെപ്പോസിറ്റ്, ജാമ്യനിക്ഷേപം എന്നിവയിലൽ നിന്നും സർക്കാരിന് നൽകേണ്ടതായി ഏതെങ്കിലും ബാദ്ധ്യത തുകയുണ്ടെങ്കിൽ അതു കിഴിച്ച് ബാക്കി തുക തിരികെ നൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കി മൂന്ന് വർഷത്തിനകം തിരികെ വാങ്ങാത്ത തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്.

***എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗം പരിശീലനാർത്ഥികൾ മെയിന്റനൻസ് ഫീസ് അടയ്ക്കേണ്ടതില്ല.***